# പ്രകൃതി 2005 - വർണ്ണോത്സവം

## രണ്ടാമത് അഖില വയനാട് ചിത്രരചനാമത്സരവും ക്യാമ്പും മുത്തങ്ങയിൽ

## മത്സരം ജനുവരി ൨൬, ക്യാമ്പ് ജനുവരി- 29, 30.

സർ,

വയനാട് പ്രകൃതിസംരക്ഷണ സമിതിയും കേരള വനം വന്യജീവി വകുപ്പും സംയുക്തമായി നടത്തുന്ന രണ്ടാമത് അഖില വയനാട് ചിത്രരചനാമത്സരം ജനുവരി 26ന് മുത്തങ്ങയിൽ നടത്താൻ തീരുമാനിച്ചിരിക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ ക്യാമ്പ് 29, 30 തീയതികളിൽ മുത്തങ്ങയിൽ തന്നെ നടക്കുന്നതാണ്. വയനാട് ജില്ലയിലെ ഒന്നു മുതൽ പ്ലസ് ടു വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. ജനുവരി 26ന് കർണ്ണാടക ലളിതകലാ അക്കാദമിയുടെ മുൻചെയർമാനും പ്രസിദ്ധ ചിത്രകാരനുമായ പുണിഞ്ചിത്തായ മുഖ്യ അതിഥിയായിരിക്കും. 29, 30 ദിവസങ്ങളിൽ മാതൃഭൂമി പത്രത്തിന്റെ സ്റ്റാഫ് ചിത്രകാരൻ മദനൻ, പ്രസിദ്ധ ഫോക്‌ലോർ ഗവേഷകനും ചിത്രകാരനുമായ കെ.കെ.മാരാർ തുടങ്ങിയവർ പങ്കെടുത്ത് ക്ലാസ്സുകൾ നയിക്കുന്നതാണ്. കഴിഞ്ഞ വർഷത്തെ മത്സരത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവരേയും ഈ വർഷത്തെ ജേതാക്കളേയുമാണ് ക്യാമ്പിൽ പങ്കെടുപ്പിക്കുന്നത്.

**നിബന്ധനകൾ**

1. എൽ.പി, യു.പി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി എന്നിങ്ങനെ നാലുവിഭാഗങ്ങളിലായിട്ടാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്.
2. ഓരോ വിഭാഗത്തിലും ഒന്നാം സമ്മാനാർഹരാവുന്നവർക്ക് ശില്പം, ക്യാഷ് അവാർഡ്, സർട്ടിഫിക്കറ്റ് എന്നിവയും രണ്ടും മൂന്നും സ്ഥാനക്കാർക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും തുടർന്ന് വരുന്ന ഏഴുപേർക്ക് മറ്റുസമ്മാനങ്ങളും നൽകുന്നതാണ്. നാലുവിഭാഗങ്ങളിലായി മൊത്തം 40 സമ്മാനങ്ങളും എൽ.പി വിഭാഗക്കാർക്ക്, പങ്കെടുക്കുന്ന എല്ലാവർക്കും പ്രോത്സാഹന സമ്മാനങ്ങളും നൽകുന്നതാണ്.
3. വരക്കാനുള്ള കടലാസ് ഉച്ചഭക്ഷണം തുടങ്ങിയവ സംഘാടകർ നൽകുന്നതാണ്.
4. മത്സരം 26 ന് രാവിലെ 10.30 മണിക്ക് തുടങ്ങുന്നതും 1 മണിക്ക് അവസാനിക്കുന്നതുമാണ്. 1.30 ന് ശ്രീ. പുണിഞ്ചിത്തായയുടെ ഡമോൺസ്ട്രേഷനും തുടർന്ന് 4 മണിക്ക് സമ്മാനദാനവും നടത്തുന്നതാണ്.
5. കൂടുതൽ വിവരങ്ങൾക്ക് ഈ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. 240668, 222024, 220570, 270222, 270777, 260187, 225801, 223600. Mob: 9447635793.

താങ്കളുടെ വിദ്യാലയത്തിലെ വിദ്യാർത്ഥികളെ മത്സരത്തിൽ പങ്കെടുപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹത്തോടെ,

**ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ**
വനം വന്യജീവി വകുപ്പ്
വയനാട്

സെക്രട്ടറി
വയനാട് പ്രകൃതി സംരക്ഷണ [illegible]
സുൽത്താൻ[illegible]

Kerala Offset Printe... ...um

To Open cut here

यहाँ काट कर खोलिये

अन्तर्देशीय पत्र कार्ड

INLAND LETTER CARD

PIN CODE

Third Fold

तीसरा मोड

भेजनेवाले का नाम और पता

Sender's name and address

PIN CODE

इस पत्र के अन्दर कुछ न रखिये

NO ENCLOSURES ALLOWED

First Fold

पहला मोड

To Open cut here

पहले यहाँ काटिये

Kerala Offset Printe... um

अन्तर्देशीय पत्र कार्ड

INLAND LETTER CARD

PIN CODE

Third Fold

तीसरा मोड

First Fold

पहला मोड

भेजनेवाले का नाम और पता

Sender's name and address

PIN CODE

इस पत्र के अन्दर कुछ न रखिये

NO ENCLOSURES ALLOWED

# സുന്ദർലാൽ ബഹുഗുണ വയനാട്ടിൽ.

ലോകപ്രശസ്ത വൃക്ഷസ്നേഹിയും, ചിപ്കോ നേതാവുമായ സുന്ദർലാൽ ബഹുഗുണ രണ്ടു പതിറ്റാണ്ടുകൾക്ക് ശേഷം വയനാട്ടിലെത്തുന്നു. ഒരു വർഷം നീണ്ടുനിൽക്കുന്ന വയനാട് പ്രകൃതിസംരക്ഷണ സമിതിയുടെ 'കബനിസംരക്ഷണയജ്ഞം' ഉദ്ഘാടനം ചെയ്യുന്നതിന് ബഹുഗുണ വയനാട്ടിലെത്തുന്നത്. ഫെബ്രുവരി 4-ാം വെള്ളിയാഴ്ച പുൽപ്പള്ളിയിൽ ഉദ്ഘാടനം നടക്കും. വയനാടിന്റെ ജീവധമനിയാണ് കബനിനദി. കബനിയുടെ രക്ഷ വയനാടിന്റെ രക്ഷയാണ്. വയനാട്ടിന്റെ ഇന്നത്തെ കാർഷിക തകർച്ചയും, കർഷകരുടെ ആത്മഹത്യകളുടെ മുഖ്യകാരണം പരിസ്ഥിതി തകർച്ചയാണ്. വയനാടിനെ രക്ഷിക്കാൻ പരിസ്ഥിതി പുനസ്ഥാപനത്തിലൂടെ മാത്രമെ കഴിയൂ.

സമാന്തര നോബൽ സമ്മാനമായ "റൈറ്റ് ലൈവ്‌ലിഹുഡ്" പുരസ്കാരമടക്കം നിരവധി രാജ്യാന്തര പുരസ്കാരം നേടിയിട്ടുള്ള ബഹുഗുണ 20 വർഷം മുൻപാണ് വയനാട്ടിൽ വന്നത്. മാവൂർ ഗ്വാളിയോർ റയോൺസിനു വേണ്ടി മുളമുറിക്കെതിരെയും, റിസർവ് വനങ്ങളിലെ ക്ലിയർ ഫെല്ലിംഗ്, സെലക്ഷൻ ഫെല്ലിംഗ് എന്നിവക്കും, പുൽമേടുകളിൽ തേക്ക്, യൂക്കാലിപ്റ്റസ് തുടങ്ങിയ നടുന്നതിനെതിരെയും വയനാട് പ്രകൃതി സംരക്ഷണ സമിതി നടത്തിയ പ്രക്ഷോഭങ്ങൾക്ക് പിൻതുണ നൽകാനായിരുന്നു അദ്ദേഹത്തിന്റെ സന്ദർശനം.

ബഹുഗുണ ഫെബ്രുവരി 3-ാംതിയതി മുതൽ 6-നു വരെ വയനാട്ടിലെ വിവിധ പരിപാടികളിൽ പങ്കെടുക്കും. കോഴിക്കോട്ടെ സംസ്ഥാന തല പരിസ്ഥിതി പ്രവർത്തകരുടെ യോഗത്തിലും അദ്ദേഹം സംബന്ധിക്കും. 6-നു രാവിലെ 10 മണിക്ക് കൽപ്പറ്റ SKMJ ഹൈസ്കൂളിൽ വയനാട്ടിലെ പരിസ്ഥിതി പ്രവർത്തകരുടെ യോഗം ഉദ്ഘാടനം ചെയ്യും.

എന്ന്,

കൽപ്പറ്റ
2-2-2005

എൻ. ബാദുഷ (signature)
പ്രസിഡന്റ്. വയനാട് പ്രകൃതിസംരക്ഷണസമിതി.

# കബനി രക്ഷായജ്ഞം

## (സേവ് കബനി കാമ്പെയിൻ)

## ചിപ്കോ ദൂതൻ സുന്ദർലാൽ ബഹുഗുണ ഉദ്ഘാടനം ചെയ്യുന്നു.

### 2005 ഫെബ്രുവരി 4 – നു വെള്ളിയാഴ്ച പുൽപ്പള്ളിയിൽ

പരിസ്ഥിതിത്തകർച്ച മൂലമുള്ള കൊടിയ കാർഷിക പ്രതിസന്ധിയും കുടിവെള്ളക്ഷാമവും വയനാടിനെ ഗ്രസിച്ചു കഴിഞ്ഞിരിക്കുകയാണ്. വയനാടിന്റെ സാമൂഹിക - സാമ്പത്തിക സുസ്ഥിരതക്ക് വിള്ളൽ വീണു കഴിഞ്ഞു. ലോകത്തേറ്റവും കൂടുതൽ മഴയുള്ള പ്രദേശങ്ങളിൽ ഒന്നായിരുന്ന ഈ പ്രദേശം. കർഷകന്റെ സ്വപ്നഭൂമിയായ ഈ 'വയൽനാട്ടിൽ' ജീവിതം സമ്പന്നവും സംതൃപ്തവുമായിരുന്നു. പെരുവിരൽ ഒന്നമർത്തിച്ചവിട്ടിയാൽ ഉറവകൾ മുളപൊട്ടിയൊഴുകുമായിരുന്നു. കബനിയും അതിന്റെ ആയിരം കൈവഴികളും നിറഞ്ഞൊഴുകിയിരുന്നു.

വയനാടിന്റെ ജീവദായിനിയാണ് കബനി. ലക്കും ലഗാനുമില്ലാത്ത വനനാശം, നെൽവയലുകൾ, ചതുപ്പുകൾ, തണ്ണീർ തടങ്ങൾ, തോടുകൾ തുടങ്ങിയവയുടെ നികത്തൽ, അതിഭീകരമായ കരിങ്കൽഖനനം, മണൽ വാരൽ, അത്യാർത്തിയോടെ ഇരച്ചെത്തിയ ടൂറിസം തുടങ്ങിയ അകൃത്യങ്ങൾ മൂലം ഈ നദിയും കഴിഞ്ഞവർഷം വേനൽക്കാലത്ത് വറ്റിവരണ്ടു. ഇതുമൂലം വയനാട്ടിലുണ്ടായ ദുരിതങ്ങൾ മറക്കാറായിട്ടില്ല. ഇങ്ങനെ പോയാൽ ഇതിനിയും ആവർത്തിക്കുമെന്ന് തീർച്ചയാണ്.

മരിച്ചുകൊണ്ടിരിക്കുന്ന കബനിയുടെ പുനരുജ്ജീവനം വയനാടിന്റെ പുനരുജ്ജീവനമാണ്. ഈ നദിയെ പുനരുജ്ജീവിപ്പിച്ചില്ലെങ്കിൽ, വളരെ വൈകാതെ വയനാട് അധിവാസയോഗ്യമല്ലാത്ത ഒരു ചാവുഭൂമിയായി മാറുമെന്നുറപ്പാണ്. വയനാടിനെ ഇന്നത്തെ രൂക്ഷമായ പ്രതിസന്ധിയിൽ നിന്നും കരകയറ്റാൻ ഒന്നാമതായി ചെയ്യേണ്ടത് വയനാടിന്റെ പരിസ്ഥിതി പുനസ്ഥാപനമാണ്.

വയനാട് നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് വ്യാപകമായ അവബോധം ഉണ്ടാക്കാൻ വേണ്ടി ഒരു വർഷം നീണ്ടുനിൽക്കുന്ന ഒരു യജ്ഞം ഉദ്ഘാടനം ചെയ്യപ്പെടുകയാണ് 2005 ഫെബ്രുവരി 4 -ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് പുൽപ്പള്ളി സർവ്വീസ് സഹകരണബാങ്ക് ഓഡിറ്റോറിയത്തിൽ. ലോകപ്രശസ്തമായ ചിപ്കോ പ്രസ്ഥാനത്തിന്റെ ദൂതൻ സുന്ദർലാൽ ബഹുഗുണയാണ് ഉദ്ഘാടനം ചെയ്യുന്നത്. ഇനിയും മരിച്ചിട്ടില്ലാത്ത വയനാടിന്റെ നിലനില്പ് ആഗ്രഹിക്കുന്ന എല്ലാവരേയും ഞങ്ങൾ പരിപാടിയിലേക്ക് സാദരം ക്ഷണിക്കുന്നു.

കബനിയെ രക്ഷിക്കൂ ! വയനാടിനെ രക്ഷിക്കൂ !!

സുൽത്താൻ ബത്തേരി
31-01-05

വയനാട് പ്രകൃതി സംരക്ഷണസമിതി പ്രവർത്തകർ

സുന്ദർലാൽ ബഹുഗുണ വയനാട്ടിൽ.

ലോകപ്രശസ്ത വൃക്ഷസ്നേഹിയും, ചിപ്കോ നേതാവുമായ സുന്ദർലാൽ ബഹുഗുണ രണ്ടു പതിറ്റാണ്ടുകൾക്ക് ശേഷം വയനാട്ടിലെത്തുന്നു. ഒരു വർഷം നീണ്ടുനിൽക്കുന്ന വയനാട് പ്രകൃതിസംരക്ഷണ സമിതിയുടെ 'കബനിസംരക്ഷണയജ്ഞം' ഉദ്ഘാടനം ചെയ്യുന്നതിനാണ് ബഹുഗുണ വയനാട്ടിലെത്തുന്നത്. ഫെബ്രുവരി 4-ാം വെള്ളിയാഴ്ച പുല്പള്ളിയിൽ ഉദ്ഘാടനം നടക്കും. വയനാടിന്റെ ജീവദായിനിയാണ് കബനിനദി. കബനിയുടെ രക്ഷ വയനാടിന്റെ രക്ഷയാണ്. വയനാടിന്റെ ഇന്നത്തെ കാർഷിക തകർച്ചയും, കർഷകരുടെ ആത്മഹത്യക്കുമുള്ള മൂലകാരണം പരിസ്ഥിതി തകർച്ചയാണ്. വയനാടിനെ രക്ഷിക്കാൻ പരിസ്ഥിതി പുനഃസ്ഥാപനത്തിലൂടെ മാത്രമെ കഴിയൂ.

സമാന്തര നോബൽ സമ്മാനമായ "റൈറ്റ് ലൈവ്ലി ഹുഡ്" പുരസ്കാരമടക്കം നിരവധി രാജ്യാന്തര പുരസ്കാരം നേടിയിട്ടുള്ള ബഹുഗുണ 20 വർഷം മുൻപാണ് വയനാട്ടിൽ വന്നത്. മാവൂർ ഗ്വാളിയോർ റയോൺസിനു വേണ്ടി മുളമുറിക്കെതിരെയും, നിക്ഷിപ്ത വനങ്ങളിലെ ക്ലിയർ ഫെല്ലിംഗ്, സെലക്ഷൻ ഫെല്ലിംഗ് എന്നിവക്കും, പുൽമേടുകളിൽ നിന്നും, യൂക്കാലിപ്റ്റ്സ് നടുന്നതിനെതിരെയും വയനാട് പ്രകൃതി സംരക്ഷണ സമിതി നടത്തിയ പ്രക്ഷോഭങ്ങൾക്ക് പിൻതുണ നൽകാനായിരുന്നു അദ്ദേഹത്തിന്റെ സന്ദർശനം.

ബഹുഗുണ ഫെബ്രുവരി 3-ാം തിയതി മുതൽ 6 നു വരെ വയനാട്ടിലെ വിവിധ പരിപാടികളിൽ പങ്കെടുക്കും. കോഴിക്കോട്ടെ സംസ്ഥാനതല പരിസ്ഥിതി പ്രവർത്തകരുടെ യോഗത്തിലും അദ്ദേഹം സംബന്ധിക്കും. 6 നു കാലത്ത് 10 മണിക്ക് കൽപ്പറ്റ SKMJ ഹൈസ്കൂളിൽ വയനാട്ടിലെ പരിസ്ഥിതി പ്രവർത്തകരുടെ യോഗം ഉദ്ഘാടനം ചെയ്യും.

നന്ദി,

കൽപ്പറ്റ
2-2-2005

N. ബാദുഷ
പ്രസിഡണ്ട്. വയനാട് പ്രകൃതിസംരക്ഷണസമിതി.

# കബനി രക്ഷായജ്ഞം

## (സേവ് കബനി കാമ്പെയിൻ)

## ചിപ്‌ക്കോ ദൂതൻ സുന്ദർലാൽ ബഹുഗുണ ഉദ്ഘാടനം ചെയ്യുന്നു.

### 2005 ഫെബ്രുവരി 4 – നു വെള്ളിയാഴ്ച പുൽപ്പള്ളിയിൽ

പരിസ്ഥിതിത്തകർച്ച മൂലമുള്ള കൊടിയ കാർഷിക പ്രതിസന്ധിയും കുടിവെള്ളക്ഷാമവും വയനാടിനെ ഗ്രസിച്ചു കഴിഞ്ഞിരിക്കുകയാണ്. വയനാടിന്റെ സാമൂഹിക - സാമ്പത്തിക സുസ്ഥിരതക്ക് വിള്ളൽ വീണു കഴിഞ്ഞു. ലോകത്തേറ്റവും കൂടുതൽ മഴയുള്ള പ്രദേശങ്ങളിൽ ഒന്നായിരുന്ന ഈ പ്രദേശം. കർഷകന്റെ സ്വപ്നഭൂമിയായ ഈ 'വയൽനാട്ടിൽ' ജീവിതം സമ്പന്നവും സംതൃപ്തവുമായിരുന്നു. പെരുവിരൽ ഒന്നമർത്തിച്ചവിട്ടിയാൽ ഉറവകൾ മുളപൊട്ടിയൊഴുകുമായിരുന്നു. കബനിയും അതിന്റെ ആയിരം കൈവഴികളും നിറഞ്ഞൊഴുകിയിരുന്നു.

വയനാടിന്റെ ജീവദായിനിയാണ് കബനി. ലക്കും ലഗാനുമില്ലാത്ത വനനാശം, നെൽവയലുകൾ, ചതുപ്പുകൾ, തണ്ണീർ തടങ്ങൾ, തോടുകൾ തുടങ്ങിയവയുടെ നികത്തൽ, അതിഭീകരമായ കരിങ്കൽഖനനം, മണൽ വാരൽ, അത്യാർത്തിയോടെ ഇരച്ചെത്തിയ ടൂറിസം തുടങ്ങിയ അകൃത്യങ്ങൾ മൂലം ഈ നദിയും കഴിഞ്ഞവർഷം വേനൽക്കാലത്ത് വറ്റിവരണ്ടു. ഇതുമൂലം വയനാട്ടിലുണ്ടായ ദുരിതങ്ങൾ മറക്കാറായിട്ടില്ല. ഇങ്ങനെ പോയാൽ ഇതിനിയും ആവർത്തിക്കുമെന്ന് തീർച്ചയാണ്.

മരിച്ചുകൊണ്ടിരിക്കുന്ന കബനിയുടെ [illegible] നദിയെ പുനരുജ്ജീവിപ്പിച്ചില്ലെങ്കിൽ, വളരെ [illegible] ഒരു ചാവുഭൂമിയായി മാറുമെന്നുറപ്പാണ്. വയനാടിനെ ഇന്നത്തെ രൂക്ഷമായ പ്രതിസന്ധിയിൽ നിന്നും കരകയറ്റാൻ ഒന്നാമതായി ചെയ്യേണ്ടത് വയനാടിന്റെ പരിസ്ഥിതി പുനസ്ഥാപനമാണ്.

വയനാട് നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് വ്യാപകമായ അവബോധം ഉണ്ടാക്കാൻ വേണ്ടി ഒരു വർഷം നീണ്ടുനിൽക്കുന്ന ഒരു യജ്ഞം ഉദ്ഘാടനം ചെയ്യപ്പെടുകയാണ് 2005 ഫെബ്രുവരി 4 -ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് പുൽപ്പള്ളി സർവ്വീസ് സഹകരണബാങ്ക് ഓഡിറ്റോറിയത്തിൽ. ലോകപ്രശസ്തമായ ചിപ്‌ക്കോ പ്രസ്ഥാനത്തിന്റെ ദൂതൻ സുന്ദർലാൽ ബഹുഗുണയാണ് ഉദ്ഘാടനം ചെയ്യുന്നത്. ഇനിയും മരിച്ചിട്ടില്ലാത്ത വയനാടിന്റെ നിലനില്പ് ആഗ്രഹിക്കുന്ന എല്ലാവരേയും ഞങ്ങൾ പരിപാടിയിലേക്ക് സാദരം ക്ഷണിക്കുന്നു.

കബനിയെ രക്ഷിക്കൂ ! വയനാടിനെ രക്ഷിക്കൂ !!


സുൽത്താൻ ബത്തേരി
31-01-05

വയനാട് പ്രകൃതി സംരക്ഷണസമിതി പ്രവർത്തകർ